REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കൊൽക്കത്തയിലെ വിജയ് ദുർഗിൽ സംയുക്ത കമാൻഡേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും.**
- **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഇന്നു തുടക്കം.**
- **ദേശീയതലത്തിൽ മികവു തെളിയിച്ച കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുമോദിക്കുന്ന എക്സലൻഷ്യ 2025 പരിപാടി ഇന്നും നാളെയും തിരുവനന്തപുരത്ത്.**
- **സംസ്ഥാന വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയ്ക്ക് നാളെ തുടക്കമാകും.**
- **ഏഷ്യ കപ്പ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ, പാകിസ്ഥാനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കൊൽക്കത്തയിലെ വിജയ് ദുർഗിൽ സംയുക്ത കമാൻഡേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. സാങ്കേതിക പുരോഗതി, ആധുനികവൽക്കരണം, സേനകൾക്കിടയിലെ ഏകോപനം തുടങ്ങിയവ മൂന്നു ദിവസം നീളുന്ന സമ്മേളനം ചർച്ച ചെയ്യും. രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗും ഉദ്ഘാടന ചടങ്ങിൽ സംബന്ധിക്കും.

✪✪✪

കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ  അധ്യക്ഷതയിൽ, രണ്ട് ദിവസത്തെ ദേശീയ കാർഷിക സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. റാബി കർഷകരുടെ ഉന്നമനം,  ഉൽപ്പാദന ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, സുസ്ഥിര കാർഷിക സമ്പ്രദായം പ്രോത്സാഹിപ്പിക്കൽ, ദേശീയ ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ എന്നിവ  സമ്മേളനം ചർച്ച ചെയ്യും.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഇന്നു തുടക്കമാകും. അടുത്ത മാസം  10 വരെ  ആകെ 12 ദിവസമായിരിക്കും സഭ ചേരുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി M. പള്ളുരുത്തി....

..........വോയ്സ്.........

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മുൻ സ്പീക്കർ പി പി തങ്കച്ചൻ, നിലവിലെ സഭയിലെ അംഗമായിരുന്ന വാഴൂർ സോമൻ എന്നിവരുടെ നിര്യാണത്തിൽ റഫറൻസ് നടത്തി നിയമസഭ ഇന്നത്തേക്കു പിരിയും. നാളെ മുതൽ ഒക്ടോബർ പത്തു വരെയുള്ള സമ്മേളന ദിവസങ്ങളിൽ അനൗദ്യോഗിക കാര്യങ്ങൾക്കുള്ള രണ്ടു ദിവസം ഒഴികെയുള്ള ഒൻപതു ദിവസവുംഔദ്യോഗിക കാര്യങ്ങൾക്കായിട്ടാണു മാറ്റി വെച്ചിരിക്കുന്നത്.  ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പും ഒക്ടോബർ ആറിന് നടത്തും.

✪✪✪

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാൻ സമയപരിധി ഇന്ന് അവസാനിക്കും. റിട്ടേൺ സമർപ്പണത്തിന് കാലതാമസ മുണ്ടായാൽ പിഴയും പലിശയും ഈടാക്കും.

✪✪✪

രാജ്യത്തെ സാധാരണ പൗരന്മാരുടെ ജീവിതം സുഗമമാക്കുക ലക്ഷ്യമിട്ട് നടപ്പാക്കുന്ന GST പരിഷ്കാരങ്ങൾ അടുത്ത തിങ്കളാഴ്ച മുതൽ നടപ്പിൽ വരും. കൂടുതൽ കാര്യക്ഷമവും   പൗര സൗഹൃദപരവുമായ സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്, GST കൗൺസിൽ, നികുതി നിരക്കുകൾ യുക്തിസഹമായി പരിഷ്കരിച്ചത്.

ഇതുവഴി ആയുർവേദം, യുനാനി, ഹോമിയോപ്പതി മരുന്നുകൾക്ക് ചരക്കുസേവന നികുതി, നിലവിലെ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി

കുറയും. വിവിധ മെഡിക്കൽ,വെറ്റിനറി,ഡെന്റൽ ചികിത്സാ ഉപകരണങ്ങളുടെയും മെഡിക്കൽ ഒക്സിജന്റെയും നികുതിയും 5 ശതമാന മായി കുറയും.

✪✪✪

ദേശീയതലത്തിൽ മികവു തെളിയിച്ച കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുമോദിക്കുന്ന എക്സലൻഷ്യ 2025 പരിപാടി ഇന്നും നാളെയും തിരുവനന്തപുരത്ത് നടക്കും. മന്ത്രി ഡോ.R ബിന്ദു ഉദ്ഘാടനം ചെയ്യും. നാക്, NIRF, KIRF നേട്ടങ്ങൾ കരസ്ഥമാക്കിയ 145 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് 'മിനിസ്റ്റേഴ്സ് അവാർഡ് ഫോർ എക്സലൻസ്' നൽകി അനുമോദിക്കുന്നത്.

✪✪✪

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തു സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ മികച്ചവയ്ക്ക് ഏർപ്പെടുത്തിയ 'മുഖ്യമന്ത്രിയുടെ പച്ചത്തുരുത്ത് പുരസ്കാരം' വൈകിട്ട് ഹരിത കേരളം മിഷൻ വൈസ് ചെയർപേഴ്സൻ TN സീമ തിരുവനന്തപുരത്ത് പ്രഖ്യാപിക്കും. നാളെ തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ വിതരരണം ചെയ്യും.

✪✪✪

LDF ഭരണത്തിലെ പൊലീസ് ക്രൂരതയ്ക്കും അനാസ്ഥയ്ക്കുമെതിരെയും, വികസിത കേരളത്തിനായി പൊലീസ് സേനയുടെ സമഗ്ര മാറ്റം ആവശ്യപ്പെട്ടും സംസ്ഥാന വ്യാപകമായി BJP ഇന്ന് പ്രതിഷേധ മാർച്ച് നടത്തും. SP, DYSP ഓഫീസുകളിലേക്കാണ് മാർച്ച്.

തിരുവനന്തപുരം സിറ്റി ജില്ലയുടെ നേതൃത്വത്തിൽ രാവിലെ ഫോർട്ട് AC ഓഫീസിലേക്ക് നടത്തുന്ന പ്രതിഷേധ മാർച്ച് മുതിർന്ന നേതാവ് V.മുരളീധരനും, തൃശ്ശൂർ SP ഓഫീസിലേക്ക് നടത്തുന്ന മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രനും ഉദ്ഘാടനം ചെയ്യും. കോഴിക്കോട് റൂറൽ, കോഴിക്കോട് സിറ്റി, കണ്ണൂർ സൗത്ത് എന്നീ സംഘടനാ ജില്ലകളിൽ നാളെയാണ് പ്രതിഷേധ മാർച്ച്.

✪✪✪

എയർകണ്ടീഷണറുകൾ, LED-കൾ എന്നിവയുടെ ഉത്പാദനത്തിന്, ആനുകൂല്യ അധിഷ്ഠിത ഉത്പാദന പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കാൻ, പോർട്ടൽ ഇന്ന് മുതൽ വീണ്ടും തുറന്നു നൽകും. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പോർട്ടൽ 30 ദിവസത്തേക്കാണ് തുറക്കുന്നത്. അടുത്തമാസം 14 വരെ അപേക്ഷ സമർപ്പിക്കാം.

✪✪✪

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ഇന്നലെ സംസ്ഥാന വ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 1,636 പേരെ പരിശോധനയ്ക്ക് വിധേയരാക്കി. വിവിധ തരത്തിലെ നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതിന് 86 കേസുകൾ രജിസ്റ്റർ ചെയ്തു. 91 പേരാണ് അറസ്റ്റിലായത്.

✪✪✪

സംസ്ഥാന വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയ്ക്ക് നാളെ തുടക്കമാകും. 45 ദിവസത്തെ തീവ്രയജ്ഞ പരിപാടിയാണ് ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുള്ളത്.

ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്.........

നാളെ മുതൽ ഈ മാസം 30 വരെയാണ് ഒന്നാം ഘട്ടം. ഒന്നാം ഘട്ടത്തിൽ മലയോര മേഖലയിലെ എല്ലാ പഞ്ചായത്തുകളിലും റെയിഞ്ച് ഓഫീസുകളിലും വനം വകുപ്പിന്റെ ഹെൽപ് ഡെസ്കുകൾ തുറക്കും.

പരാതികൾ, ആവലാതികൾ, അപേക്ഷകൾ മുതലായവ സ്വീകരിക്കുന്നതിനായി മനുഷ്യ-വന്യജീവി സംഘർഷ ബാധിതമായി കണ്ടെത്തിയ പഞ്ചായത്ത് കാര്യാലയങ്ങളിലും ബന്ധപ്പെട്ട റെയിഞ്ച് ഓഫീസുകളിലും പരാതിപ്പെട്ടികൾ ഈ മാസം 30 വരെ സ്ഥാപിക്കും. ഓരോ പഞ്ചായത്തിലും ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപികളിലുള്ള  പുരോഗതി സംബന്ധിച്ച് ഓരോ ആഴ്ചയുടേയും അവസാനം അവലോകനം ചെയ്യും.

ഒക്ടോബർ 1 മുതൽ 15 വരെയാണ് രണ്ടാം ഘട്ടം. ആദ്യ ഘട്ടത്തിൽ പ്രാദേശികമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ജില്ലാതലത്തിൽ ഗൗരവത്തോടെ അവതരിപ്പിച്ച് ഈ ഘട്ടത്തിൽ പരിഹരിക്കും.

ഒക്ടോബർ 16 മുതലാണ് മൂന്നാം ഘട്ടം. ജില്ലാതലത്തിലും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളെ ക്രോഡീകരിച്ച് ഗവൺമെന്റ് തലത്തിൽ അവതരിപ്പിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തും.

✪✪✪

ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നലെ സംസ്ഥാനത്ത് ശോഭാ യാത്രകൾ നടന്നു. ശ്രീകൃഷ്ണ വേഷം ധരിച്ച നൂറുകണക്കിന് കുട്ടികളും നിശ്ചല ദൃശ്യങ്ങളും ഭജന സംഘങ്ങളും ശോഭാ യാത്രയിൽ അണിനിരന്നു.

ബാലഗോകുലം കോഴിക്കോട് ജില്ലയിൽ വിവിധ ഇടങ്ങളിൽ വീഥികളെ അമ്പാടികളാക്കി ശോഭായാത്രകൾ നടത്തി. നഗരത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നും പുറപ്പെട്ട ശോഭയാത്രകൾ മഹാശോഭയാത്രയുടെ ഭാഗമായി മുതലക്കുളത്ത് പ്രത്യേകം തയ്യാറാക്കിയ അമ്പാടിയിൽ സമാപിച്ചു.

കണ്ണൂർ ജില്ലയിൽ 300 ഓളം ശോഭാ യാത്രകൾ വിവിധഭാഗങ്ങളിലായി നടത്തി. കണ്ണൂർ ഉൾപ്പെടെ പ്രധാനപ്പെട്ട നഗരങ്ങളിൽ മഹാശോഭായാത്രാ സംഗമങ്ങളും നടന്നു.

✪✪✪

ദുബായിൽ ഏഷ്യാ കപ്പ് പുരുഷ ക്രിക്കറ്റ് ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ പാകിസ്ഥാനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ 19.3 ഓവറിൽ 126 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 25 പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യം മറികടന്നു. വിജയത്തോടെ ഇന്ത്യ സൂപ്പർ ഫോറിലേക്ക് അടുത്തു. വെള്ളിയാഴ്ച ഒമാനെതിരെയാണ് ഇന്ത്യയുടെ അവസാന ഗ്രൂപ്പ് മത്സരം.

✪✪✪

ഇന്ത്യ-ഓസ്ട്രേലിയ ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് തോൽവി. എട്ട് വിക്കറ്റിനാണ് ഓസ്ട്രേലിയ ഇന്ത്യയെ തോൽപ്പിച്ചത്. മറ്റന്നാളാണ് പരമ്പരയിലെ രണ്ടാമത്തെ മത്സരം.

✪✪✪

2025 ലെ വനിതാ ഏഷ്യാകപ്പ് ഹോക്കിയിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ടീം അംഗങ്ങളുടെ നിശ്ചയദാർഢ്യവും ടീം സ്പിരിറ്റും അസാധാരണമാണെന്നും ഇന്ത്യൻ വനിതാ ഹോക്കി ടീം രാജ്യത്തിന് അഭിമാനം നൽകിയെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

17-ാമത് സിൽവർ ഹിൽസ് ട്രോഫി സൗത്ത് ഇന്ത്യാ ഇന്റർ സ്കൂൾ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് ഫൈനൽ മത്സരങ്ങൾ ഇന്ന്.

അണ്ടർ-19 പെൺകുട്ടികളുടെ വിഭാഗത്തിൽ കോഴിക്കോട് പ്രൊവിഡൻസ്, VGV മെട്രിക്കുലേഷൻ HSSയുമായും, ആൺകുട്ടികളുടെ വിഭാഗത്തിൽ സിൽവർ ഹിൽസ് HSS, ചെന്നൈ വേലമ്മാൾ മട്രിക്കുലേഷൻ ഹൈസ്കൂളുമായും ഏറ്റുമുട്ടും.

അണ്ടർ-13 ആൺകുട്ടികളുടെ വിഭാഗത്തിൽ സിൽവർ ഹിൽസ് HSS ഉം, സിൽവർ ഹിൽസ് പബ്ലിക് സ്കൂളും തമ്മിലാണ് മത്സരം

✪✪✪

കേരള പത്രപ്രവർത്തക യൂണിയന്റെ നേതൃത്വത്തിൽ വയനാട് പ്രസ്ക്ലബ് കൽപ്പറ്റയിൽ സംഘടിപ്പിച്ച ജേണലിസ്റ്റ് ക്രിക്കറ്റ് ലീഗിൽ എറണാകുളം പ്രസ്ക്ലബ് ജേതാക്കളായി. ഫൈനലിൽ തിരുവനന്തപുരം സ്ട്രൈക്കേഴ്സിനെ ഒമ്പത് വിക്കറ്റിനാണ് അവർ തോൽപ്പിച്ചത്.

✪✪✪

കേരള സംഗീത നാടക അക്കാദമി കണ്ണൂർ തളിപ്പറമ്പിൽ സംഘടിപ്പിച്ച ത്രിഭംഗി - ദേശീയ നൃത്തോത്സവം സമാപിച്ചു. കലകളെ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമി, രണ്ടു ദിവസത്തെ ഉത്തര മേഖല നൃത്തോത്സവം സംഘടിപ്പിച്ചത്.

✪✪✪

കണ്ണൂർ കോർപ്പറേഷന്റെ അടിയന്തര കൗൺസിൽ യോഗം ഇന്ന് രാവിലെ ചേരും. കോർപ്പറേഷനിലെ സൈറൺ മുഴക്കം കുറയ്ക്കുകയോ നിർത്തുകയോ ചെയ്യണമെന്ന് കാണിച്ച് ജില്ലാ കളക്ടർ കത്തു നൽകിയതിനെ തുടർന്നാണ് കൗൺസിൽ യോഗം വിളിച്ചത്.

✪✪✪

പ്രിയങ്ക ഗാന്ധി MP, താമരശ്ശേരി ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയിലുമായി ഇന്നലെ വൈകിട്ട് താമരശ്ശേരി ബിഷപ്പ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. എഴുത്തുകാരൻ കല്പറ്റ നാരായണനേയും പ്രിയങ്ക ഗാന്ധി സന്ദർശിച്ചു.

✪✪✪

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി 10 ന് നടയടയ്ക്കും.

✪✪✪

കോഴിക്കോട് ചേവായൂരിൽ കാർ ഇടിച്ച് സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. മാതൃഭൂമി കോഴിക്കോട് യൂണിറ്റിലെ ജീവനക്കാരൻ, കോവൂർ സ്വദേശി പ്രശാന്ത് ആണ് മരിച്ചത്. ഇന്നലെ ഉച്ച കഴിഞ്ഞായിരുന്നു അപകടം.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ  നിന്നും ഉല്ലാസ യാത്രക്കെത്തിയ KSRTC ബസ് ഇടുക്കി പനംകൂട്ടിക്ക് സമീപം അപകടത്തിൽപ്പെട്ട് നാലു പേർക്ക് പരിക്കേറ്റു. നിയന്ത്രണം നഷ്ട്ടപ്പെട്ട ബസ് മൺതിട്ടയിൽ ഇടിച്ചുനിർത്തുകയായിരുന്നു. പരിക്കേറ്റവരെ  അടിമാലി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

മുട്ടത്തുവർക്കിയുടെ പേരിൽ മലയാള സർവകലാശാലയിലെ സാഹിത്യ രചനാ വിഭാഗത്തിലെ മികച്ച സർഗാത്മക കൃതിക്ക് നൽകുന്ന പുരസ്കാരം TS സ്നേഹയ്ക്ക് ലഭിച്ചു. 'ആഴം' എന്ന ചെറുകഥാ സമാഹാരമാണ് പുരസ്കാരത്തിന് അർഹമായത്.

5000 രൂപയും പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്ന പുരസ്കാരം നാളെ മലയാള സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൾ കബീർ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*